LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി നിരന്തരം പരിശോധനകൾ നടത്തിവരുന്നു. കൂടാതെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ക്ലീൻ കാമ്പസ് സേഫ് കാമ്പസ് എന്നീ പദ്ധതികൾ മുഖേന സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗും നിരീക്ഷണവും നടത്തുകയും ആരെങ്കിലും ലഹരി വസ്തുക്കൾ വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് 16391 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയിലൂടെയും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ അവരുടെ രക്ഷിതാക്കൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ എന്നിവരെ ഉൾപ്പെടുത്തി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ സഹായത്തോടെയും മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ലഹരി വിരുദ്ധ ചിത്ര പ്രദർശനം, ചിത്രരചന, ബോധവൽക്കരണ റാലികൾ എന്നിവയും നടത്തിവരുന്നു.

വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ

243 (3755) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സാജു പോൾ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണം പോലീസിന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമവാഴ്ചയും സൈര്യജീവിതവും ഉറപ്പാക്കുന്നതിൽ പോലീസ് സേനയ്ക്ക് വീഴ്ച പറ്റിയിട്ടുണ്ടോ; ബാഹ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ സത്യസന്ധമായി നടപടി സ്വീകരിക്കാൻ പോലീസിന് കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ബാഹ്യ ഇടപെടലുകൾ മൂലം പോലീസ് സേനയിലുള്ളവർക്ക് സത്യസന്ധമായി കേസുകൾ കൈകാര്യം ചെയ്യാൻ കഴിയാതിരിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണം പോലീസിന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് കുറ്റകൃത്യങ്ങൾ തടയാൻ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) നിയമവാഴ്ചയും സ്വൈര്യജീവിതവും ഉറപ്പാക്കുന്നതിൽ പോലീസ് സേനയ്ക്ക് വീഴ്ച പറ്റിയിട്ടില്ല. ബാഹ്യ സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ സത്യസന്ധമായി നടപടി സ്വീകരിക്കാൻ പോലീസിന് കഴിയുന്നുണ്ട്.

(സി) ബാഹ്യ ഇടപെടലുകൾമൂലം പോലീസ് സേനയിലുള്ളവർക്ക് സത്യസന്ധമായി കേസുകൾ കൈകാര്യം ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ

244 (3756) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കേസുകളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ, ജാമ്യത്തിൽ വിട്ടയക്കപ്പെട്ടവർ. റിമാന്റ് ചെയ്യപ്പെട്ടവർ, ഇനി അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ, കുറ്റപത്രം കോടതിയിൽ നൽകിയവ, അന്വേഷണം പൂർത്തിയായിട്ടില്ലാത്തവ, വിചാരണ കഴിഞ്ഞ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടവർ, പീഡനങ്ങളെത്തുടർന്ന് മരണപ്പെട്ട സ്ത്രീകൾ എന്നിവയുടെ എണ്ണം വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കേസുകളുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly